പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1922 04.12.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ പരസ്യബോർഡുകളിൽ മറ്റ് പരസ്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ തിരുവനന്തപുരം സിറ്റി ഡിപ്പോയുടെ ചുറ്റുമതിലിനോട് ചേർന്ന് ഉയർത്തിയിട്ടുള്ള പരസ്യബോർഡുകളിൽ മറ്റ് പരസ്യങ്ങൾക്ക് പുറമേ രാഷ്ട്രീയ പാർട്ടികളുടെ പരിപാടികൾ അറിയിക്കുന്നതിന് പരസ്യങ്ങൾ പതിക്കാറുണ്ടോ; | (എ) യും<br>(ബി) യും<br>(സി) യും | കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ പരസ്യം പ്രദർശിപ്പിക്കുന്നതിന് ടെണ്ടർ മുഖേന ലൈസൻസ് അനുവദിക്കുകയാണ് ചെയ്യുന്നത്. പരസ്യം പ്രദർശിപ്പിക്കുന്നത് സംബന്ധിച്ച തീരുമാനങ്ങൾ ടി സ്ഥാപനങ്ങളുടെതാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ രാഷ്ട്രീയ പാർട്ടികളുടെയും മതസംഘടനകളുടെയും എത്ര പരസ്യം പ്രദർശിപ്പിക്കുന്നതിന് ആവശ്യക്കാർ സമീപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇത്തരത്തിലുള്ള പരസ്യങ്ങൾക്ക് ഫീസിനത്തിൽ കിഴിവ് നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ എത്ര പേർക്ക് എന്തുതുക ഇതിനോടകം കിഴിവ് നൽകിയിട്ടുണ്ടെന്നും വിശദമാക്കുമോ; | | |
| (സി) | എൽ.ഡി.എഫ്. രാഷ്ട്രീയ വിശദീകരണ യോഗത്തിൽ മുഖ്യമന്ത്രി പ്രസംഗിക്കുന്ന പരസ്യ ബോർഡ് ഈ സ്ഥലത്ത് സ്ഥാപിച്ചിരുന്നോ; ജില്ലയുടെ മറ്റേതെല്ലാം കെ.എസ്. ആർ.ടി.സി. ഡിപ്പോ ഇടങ്ങളിൽ ബോർഡ് സ്ഥാപിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ; സിറ്റി ഡിപ്പോ പരിസരത്ത് സ്ഥാപിച്ച ബോർഡിന്റെ വകയിൽ, പരസ്യം നൽകിയവരിൽ നിന്ന് ഈടാക്കിയ തുകയുടെ രസീതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ? | | |

സെക്ഷൻ ഓഫീസർ